"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ - പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗോസ് എക്കോഫ്രണ്ട് ലി കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ഫെസിലിറ്റിക്ക് ചട്ടം 3(4)(d) പ്രകാരം ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.47/2026/LSGD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-
1. Dr. ഷറഫുദ്ദീൻ കെ പി, സെക്രട്ടറി, IMAGE(Indian Medical Association Goes Eco-friendly), IMA സമർപ്പിച്ച 14/12/2023 തീയതിയിലെ അപേക്ഷ.
2. ചീഫ് ടൗൺ പ്ലാനറുടെ 13/02/2024-ലെ LSGD/PD/49718/2023-TCPB2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗോസ് എക്കോഫ്രണ്ട് ലി കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ഫെസിലിറ്റി (IMAGE CBWTF)-യുടെ കോമ്പൗണ്ടിലുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് പ്രസ്തുത കോമ്പൗണ്ടിലേക്കുള്ള അപ്രോച്ച് റോഡിന്റെ വീതി നിലവിലുള്ള 5.5 മീറ്ററിൽ നിന്ന് 7 മീറ്റർ ആയി വർദ്ധിപ്പിക്കേണ്ടതാണെന്ന് പാലക്കാട് ടൗൺ പ്ലാനർ നിർദ്ദേശിച്ചിട്ടുണ്ടെന്നും IMAGE CBWTF-ന്റെ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 28-ൽ ഇളവ് അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2) IMAGE CBWTF കോമ്പൗണ്ടിൽ 4718.52 ച.മീ ബിൽറ്റ് അപ്പ് വിസ്തീർണമുള്ള വിവിധ കെട്ടിടങ്ങൾ പ്രവർത്തിച്ചു വരുന്നതായും ടി സ്ഥലത്തേക്ക് പി.ഡബ്ല്യുഡി റോഡിൽ നിന്നുള്ള 500 മീറ്റർ വഴി 5.5 മീ വീതിയുള്ളതും വനഭൂമിയിൽ കൂടിയുള്ളതുമാണെന്നും ടി വഴി നിബന്ധനകളോടെ അപ്രോച്ച് റോഡിനു വേണ്ടി അനുമതി നൽകിയിട്ടുള്ളതാണെന്നും ടി സ്ഥലത്തു കൂടി പുതിയ റോഡ് നിർമ്മിക്കുന്നതിന് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടില്ലാത്തതാണെന്നും ജില്ല ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ടെന്നും ഹസാർഡസ് വിഭാഗത്തിലുൾപ്പെടുന്ന പ്രസ്തുത നിർമ്മാണത്തിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 28 പ്രകാരം 7 മീറ്റർ വഴിവീതി ആവശ്യമുള്ളതാണെന്നും വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു കൂടി 7 മീറ്റർ വഴിവീതി ലഭ്യമാക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതും അല്ലാത്ത പക്ഷം വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് ആയതിനാൽ 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4) ഡി പ്രകാരം വഴി വീതിയിൽ ഇളവിന് പരിഗണിക്കാവുന്നതാണെന്നും സൂചന (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ IMAGE CBWTF കോമ്പൗണ്ടിലേക്കുള്ള നിലവിലുള്ള റോഡ് IMA-യ്ക്ക് ഉപയോഗിക്കാൻ നിബന്ധനകളോടെ വനം വകുപ്പ് അനുമതി നൽകിയിട്ടുള്ളതാണെന്നതും ഫോറസ്റ്റ് ആക്റ്റിലെ വ്യവസ്ഥകൾ കാരണവും പരിസ്ഥിതി ആഘാതങ്ങൾക്ക് കാരണമാകും എന്നതിനാലും റോഡ് വികസനം സാധ്യമല്ലെന്നതും ബയോമെഡിക്കൽ മാലിന്യ സംസ്കരണ പദ്ധതിയ്ക്കായി തികച്ചും അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4)(d) പ്രകാരം IMAGE CBWTF-ന് ചട്ടം 28 (വഴി വീതി)-ൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

Dr.ഷറഫുദ്ദീൻ കെ പി, സെക്രട്ടറി, IMAGE, IMA KSB, IMA സ്റ്റേറ്റ് ഹെഡ്ക്വോർട്ടേഴ്സ്, ആനയറ P.O., തിരുവനന്തപുരം-695029

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം

ജില്ല ടൗൺ പ്ലാനർ, പാലക്കാട്

സെക്രട്ടറി, പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(ആർബി1/658/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 06-01-2026 14:39:17

സെക്ഷൻ ഓഫീസർ